(സി) ബാങ്ക് വഴി വായ്പ തിരിച്ചടയ്ക്കുന്നതിന് ഗുണഭോക്താവോ വനിതാ വികസന കോർപ്പറേഷനോ അധികം നിരക്ക് നൽകേണ്ടതില്ല. ആയതിനാൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

(ഡി) വനിതാ വികസന കോർപറേഷന്റെ ഓഫീസുകളിൽ വായ്പ തിരിച്ചയടയ്ക്കുന്നതിന് നിലവിലുള്ള സംവിധാനം തുടരുന്നുണ്ട്. ഓഫീസുകളിൽ എത്തുന്നതിന് വേണ്ടി വരുന്ന സമയ നഷ്ടവും സാമ്പത്തിക നഷ്ടവും ഒഴിവാക്കി ഗുണഭോക്താവിന് തൊട്ടടുത്ത ബാങ്ക് വഴി അധിക നിരക്കുകളൊന്നുമില്ലാതെ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള അധിക സംവിധാനം മാത്രമാണ് കോർപറേഷൻ ഒരുക്കിയിരിക്കുന്നത്. ഗുണഭോക്താവിന്റെ കൈവശമുള്ള ഏത് ചെറിയ തുകയും ബാങ്കിൽ നിക്ഷേപിച്ച കഴിഞ്ഞാൽ വായ്പാ അക്കൗണ്ടിലേയ്ക്ക് അന്നു തന്നെ വരവുവയ്ക്കുന്നതാണ്. പുതിയ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ആശങ്ക ഉണ്ടാകേണ്ട യാതൊരുവിധ സാഹചര്യവും നിലവിലില്ല.

ക്രൈം മാപ്പിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷാ പദ്ധതി

301(3588) ശ്രീ. എം. ഉമ്മർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ശക്തമാക്കുന്നതിന് ക്രൈം മാപ്പിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം സുരക്ഷാ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വകുപ്പുതല ഏകോപനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കേരളത്തിലെ 14 ജില്ലകളിലുമായി 72 സി.ഡി.എസ്.-കളിൽ കുടുംബശ്രീ ക്രൈം മാപ്പിംഗ് നടത്തിയിട്ടുണ്ട്. സംസ്ഥാന, ജില്ലാ തലങ്ങളിൽ തയ്യാറാക്കിയ റിപ്പോർട്ട് കുടുംബശ്രീ പതിനാറാം വാർഷികത്തോടനുബന്ധിച്ച് പ്രകാശനം നടത്തിയിട്ടുണ്ട്. കൂടാതെ സി.ഡി.എസ്. തല ക്രൈം മാപ്പിംഗ് റിപ്പോർട്ട് പ്രകാശനം ജില്ലകളിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിർദ്ദിഷ്ട പ്രദേശത്തുണ്ടാകുന്ന അതിക്രമങ്ങളെ കുറിച്ച് സമഗ്രമായ ഒരു ചിത്രം ഉണ്ടാക്കാനും, അതിക്രമങ്ങളെ തരം തിരിക്കാനും ക്രൈം മാപ്പിംഗിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ക്രൈം മാപ്പിംഗിനു നിയോഗിക്കപ്പെട്ട ഫെസിലിറ്റേറ്ററുടെ നേതൃത്വത്തിൽ പ്രത്യേക അയൽക്കൂട്ടയോഗങ്ങളും പൊതു അയൽക്കൂട്ടങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. അതിക്രമങ്ങൾ നടക്കുന്ന ഇടങ്ങൾ ഏതെല്ലാമെന്ന് മനസ്സിലാക്കാനും വ്യക്തിപരമായും ഗ്രൂപ്പായും അനുഭവങ്ങൾ പങ്കുവെയ്ക്കാനും അതിക്രമങ്ങളുടെ സ്വഭാവം മനസ്സിലാക്കി ജനങ്ങൾക്ക് പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട ഏജൻസികൾക്കും ആ പ്രദേശത്ത് സ്വീകരിക്കാവുന്ന നടപടികൾ ആസൂത്രണം ചെയ്യാനും ക്രൈം മാപ്പിംഗ് ഉപയോഗപ്പെടുത്തുന്നു.

(ബി) ഈ പ്രവർത്തനങ്ങൾ നടന്നതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയുടെ റിസോഴ്സ് പേഴ്സൺമാർ തങ്ങളുടെ പ്രദേശത്തെ നിരവധി പ്രശ്നങ്ങൾ കണ്ടെത്തുകയും അവയിൽ ഫലപ്രദമായി കുടുംബശ്രീ സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ ഭാഗമായി സി.ഡി.എസ്. തലങ്ങളിൽ രൂപീകരിക്കപ്പെട്ട ജെൻഡർ കോർണറുകൾ വഴി ഇടപെട്ടുകൊണ്ട് പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനായി പരിശ്രമിക്കുകയും ചെയ്തു വരുന്നു. ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ക്രൈം മാപ്പിഗിന്റെ ഭാഗമായി നടന്നിട്ടുണ്ട്. ജെൻഡർ കേർണറുകളിൽ സ്വീകരിക്കപ്പെടുന്ന പരാതികളിന്മേൽ പ്രാദേശികമായി പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും അല്ലാത്തപക്ഷം മേഖലാ തലങ്ങളിൽ പ്രവർത്തിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്കുകളായ ' സ്നേഹിത'യുമായി ബന്ധപ്പെട്ട് ആവശ്യമായ പിന്തുണ സംവിധാനങ്ങൾ ഒരുക്കി നൽകുകയും ചെയ്യുന്നു. പഞ്ചായത്ത് പദ്ധതി രൂപീകരണത്തിൽ ക്രൈം മാപ്പിംഗ് വഴി കണ്ടെത്തിയ വിവരങ്ങൾ അടിസ്ഥാനമാക്കി സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനും അവരുടെ ഉന്നമനത്തിനുമായി പദ്ധതികൾ ഉൾക്കൊള്ളിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) ക്രൈം മാപ്പിംഗ് വഴി കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ആവശ്യമായ പിന്തുണ സംവിധാനങ്ങൾ കുടുംബശ്രീയുടെ മേഖലാ തലങ്ങളിൽ പ്രവർത്തിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്കുകളായ 'സ്നേഹിത' വഴി നൽകുന്നു. അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾക്കും സഹായവും പിന്തുണയും അടിയന്തരഘട്ടങ്ങളിൽ താത്കാലിക താമസ സൗകര്യവും നൽകാൻ സാധിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്കുകളാണ് 'സ്നേഹിത' നിയമം, പോലീസ്, സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളും മറ്റ് സർക്കാർ സർക്കാരിതര വകുപ്പുകൾ/ ഏജൻസികൾ/ എൻ.ജി.ഒ.-കൾ എന്നിവയുമായി സഹകരിച്ചാണ് ആവശ്യക്കാർക്ക് 'സ്നേഹിത' പിന്തുണ നൽകുന്നത്. ഇതിനോടൊപ്പം ജില്ലാതല ഏകോപന മീറ്റിംഗുകൾ ജില്ലാ കളക്ടർ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടക്കുന്നുണ്ട്. പഞ്ചായത്തുതല ഏകോപന മീറ്റിംഗുകൾ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ എല്ലാ ജനപ്രതിനിധികളുടേയും മറ്റ് വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും സംഘടനകളുടേയും സഹകരണത്തോടെ നടന്നു വരുന്നു.

വിധവാ പെൻഷൻ കുടിശ്ശിക

302 (3589) ശ്രീ. ഇ. പി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിധവാ പെൻഷന് അർഹതയുള്ള എത്ര ഗുണഭോക്താക്കളാണുള്ളത് ;

(ബി) ഇപ്പോൾ വിധവാ പെൻഷൻ എത്ര രൂപയാണ് ;

(സി) ഏതുവരെയുള്ള വിധവാ പെൻഷനാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ഡി) എത്രമാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും ഇതിന് എത്ര തുക വേണ്ടി വരുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ വിധവാ പെൻഷന് അർഹതയുള്ള 10,09,217 ഗുണഭോക്താക്കളാണ് ഉള്ളത്.

(ബി) വിധവാ പെൻഷൻ നിലവിൽ പ്രതിമാസം 800 രൂപ നിരക്കിൽ നൽകി വരുന്നു.

(സി) 2014 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണത്തിനുള്ള തുക ഇതിനകം തന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു കഴിഞ്ഞു.

(ഡി) വിധവാ പെൻഷൻ വിതരണത്തിൽ 3 മാസത്തെ കുടിശ്ശികയുണ്ട്. ഇതിന് 25,432.27 ലക്ഷം രൂപ ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly